(സി) പൊതു നിരത്തുകളിലുള്ള പൈപ്പു പൊട്ടി ജലം നഷ്ടമാവുന്നത് തടയുന്നതിനായി പൈപ്പ് നന്നാക്കുന്നതിനും ജലവിതരണം പുനഃസ്ഥാപിക്കുന്നതിനും ഉള്ള ഉത്തരവാദിത്വം ഏറ്റെടുത്ത് നടത്തുന്നതിനുവേണ്ട നിർദ്ദേശം വാട്ടർ അതോറിറ്റിക്ക് നൽകുമോ ;

(ഡി) വാട്ടർ കണക്ഷൻ ലഭിച്ചിട്ടുള്ള ഉപഭോക്താക്കളെ അവരുടെ വീടിനും വീടുസ്ഥിതിചെയ്യുന്ന കോമ്പൗണ്ടിനും പുറത്തുള്ള പൈപ്പ് പൊട്ടി ജലം പാഴായാൽ അത് നന്നാക്കുന്നതിനും സാധന സാമഗ്രികൾ വാങ്ങി നൽകുന്നതിനും നിർബന്ധിക്കുന്ന രീതി നിർത്തലാക്കാൻ വാട്ടർ അതോറിറ്റിക്ക് നിർദ്ദേശം നൽകുമോ ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) : സർ,

(എ) ഉണ്ട്.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ഇക്കാര്യത്തിൽ ഇപ്പോൾ തന്നെ വാട്ടർ അതോറിറ്റി വേണ്ട നടപടികൾ സ്വീകരിക്കുന്നുണ്ട്.

(ഡി) വാട്ടർ അതോറിറ്റിയുടെ സാമ്പത്തികനില കണക്കിലെടുത്ത് ഉടനടി ഇപ്പോഴത്തെ സമ്പ്രദായത്തിൽ മാറ്റം വരുത്താനാകില്ല.

വൈദ്യുതി വിതരണരംഗത്ത് കാര്യക്ഷമത വർദ്ധിപ്പിക്കുവാൻ സ്വീകരിച്ച നടപടി

11 (*191) ശ്രീ. ടി. യു. രാധാകൃഷ്ണൻ :
ശ്രീ. അടൂർ പ്രകാശ് :
ശ്രീമതി മേഴ്സി രവി :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. ഡി. സുഗതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതി വിതരണരംഗത്ത് കാര്യക്ഷമത വർദ്ധിപ്പിക്കുവാൻ എന്തെല്ലാം നടപടികളെടുക്കാനുദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ ;

(ബി) വൈദ്യുതി ബന്ധം പോയാൽ ഉടനടി തകരാറ് തീർക്കാനുള്ള എന്തെങ്കിലും സംവിധാനത്തിന് രൂപം നൽകിയിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ഡി) നാട്ടിലും നഗരത്തിലും ഇത്തരം സംവിധാനങ്ങൾ ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ?

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. കടവൂർ ശിവദാസൻ) :

(എ) വൈദ്യുതി വിതരണരംഗത്തെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി കേടായ മീറ്ററുകൾ മാറ്റി പുതിയവ സ്ഥാപിക്കുക, ഊർജ്ജ ആഡിറ്റിംഗ്

LIBRARY ARCHIVES Kerala Legislative Assembly

നടത്തുക, 11 കെ. വി. ലൈനുകളും എൽ. റ്റി. ലൈനുകളും തമ്മിലുള്ള അനുപാതം മെച്ചപ്പെടുത്തുക, പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക, നിലവിലുള്ളവയുടെ ശേഷി വർദ്ധിപ്പിക്കുക, കപ്പാസിറ്ററുകൾ ഘടിപ്പിക്കുക, ലോഡ് ബാലൻസിംഗ് നടത്തുക, നിലവിലുള്ള എൽ. റ്റി. എച്ച്. റ്റി ലൈനുകളുടെ ശേഷി വർദ്ധിപ്പിക്കുക, ഓഫീസുകൾ കമ്പ്യൂട്ടർവൽക്കരിക്കുക, അക്കൗണ്ടിംഗ് സിസ്റ്റം മെച്ചപ്പെടുത്തുക തുടങ്ങിയ പരിപാടികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. വൈദ്യുതി മോഷണം തടയുന്നതിന് നിയമനിർമ്മാണവും നടത്തിയിട്ടുണ്ട്.

(ബി) ഉണ്ട്.

(സി&ഡി) വൈദ്യുതബന്ധം തകരാറിലായാൽ ബന്ധപ്പെട്ട സെക്ഷൻ ഓഫീസിലേയ്ക്ക് നേരിട്ടോ, ഫോൺ മുഖേനയോ അറിയിച്ചാൽ ആയത് ശരിയാക്കുന്നതിനും ഇക്കാര്യം മോണിറ്റർ ചെയ്യുന്നതിനും ഇപ്പോൾ തന്നെ സംവിധാനമുണ്ട്. 11 കെ. വി. ലൈനിലെ വൈദ്യുതി തടസ്സം കൃത്യമായി രേഖപ്പെടുത്തി വയ്ക്കുകയും സർക്കിൾ തലത്തിൽ വിശകലനം ചെയ്യുന്നുമുണ്ട്. പ്രധാനപ്പെട്ട പട്ടണങ്ങളിൽ (തിരുവനന്തപുരം, എറണാകുളം, കോഴിക്കോട്) വൈദ്യുതി തടസ്സം ഉടനടി ശരിയാക്കുന്നതിലേക്ക് കൺട്രോൾ റൂമുകളും പ്രവർത്തിക്കുന്നുണ്ട്. ഇതിനുപുറമേ തിരുവനന്തപുരം ഈസ്റ്റ്, വെസ്റ്റ് ഡിവിഷനുകളിൽപ്പെട്ട ഏഴ് സബ്ഡിവിഷനുകൾക്കു കീഴിലുള്ള "20" ഇലക്ട്രിക്കൽ സെക്ഷനുകളുടെ പരിധിയിൽ വരുന്ന പ്രദേശത്ത് വൈദ്യുതി തകരാറുകൾ ഉടൻ പരിഹരിക്കുന്നതിന് സുസജ്ജമായ ഏഴ് മൊബൈൽ സപ്ലൈ റെസ്റ്റൊറേഷൻ യൂണിറ്റുകൾ പ്രവർത്തനം ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നു. ആവശ്യമായ വാഹനം, മൊബൈൽ ഫോൺ, ഉപകരണങ്ങൾ, ജോലിക്കാർ എന്നിവയടങ്ങിയ ഈ യൂണിറ്റുകൾ '24' മണിക്കൂറും പ്രവർത്തിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്. ഇത് വിജയകരമാണെന്ന് കണ്ടാൽ സാമ്പത്തിക പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് നഗരപ്രദേശങ്ങളിൽ നടപ്പാക്കുന്ന കാര്യം പരിഗണനയിലുണ്ട്.

മഴവെള്ളം സംഭരിക്കുന്ന പദ്ധതി

12 (*192) ശ്രീ. ടി. പി. എം. സാഹിർ :
ശ്രീ. ഇസ്ഹാക് കുരിക്കൾ :
ശ്രീ. പി. കെ. അബ്ദുറബ്ബ് :
ശ്രീ. കളത്തിൽ അബ്ദുള്ള :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വേനൽക്കാലങ്ങളിൽ വരൾച്ച നേരിടുന്നതിന് മഴവെള്ളം സംഭരിക്കുന്നതിനെക്കുറിച്ച് സർക്കാർ നടത്തിയ പഠനങ്ങളുടെ വിവരം വെളിപ്പെടുത്തുമോ ;

(ബി) ഇതിനുവേണ്ടിയുള്ള പദ്ധതികൾ സംസ്ഥാനത്ത് എവിടെയെങ്കിലും വിജയകരമായി നടപ്പാക്കിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly